to website

Sectt. 37. 3/535/2012/3 Lakh GPM. © Govt. of Kerala

Office of the Chief Engineer LSGD, Thiruvananthapuram 24/9/14

7391 26/9/14

GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി - പൊതുമരാമത്ത് പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും നിലവിലുള്ള സംവിധാനം തുടരുന്നതിന് തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു) വകുപ്പ്

സ.ഉ. (സാധ) നം.2375/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 10-09-2014.

പരാമർശം:
1. 26-08-2014-ലെ കേരള ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ ശ്രീ. ജമാൽ മണക്കാടൻ സമർപ്പിച്ച നിവേദനം.
2. 27-08-2014-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെ 2.3 നം. തീരുമാനം

## ഉത്തരവ്

പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള കാലതാമസം സംബന്ധിച്ച് പരാമർശം 1 പ്രകാരം നൽകിയ നിവേദനം 27-08-2014-ൽ കൂടിയ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി ചർച്ച ചെയ്തു. അധികാര വികേന്ദ്രീകരണ നടപടികൾ തുടങ്ങുന്നതിനുമുമ്പും മുനിസിപ്പാലിറ്റികളിൽ ഒരു എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരുന്നുവെന്നും പി.ഡബ്ല്യു.ഡി. വകുപ്പിലെ നിലവിലുള്ള നിയമം അനുസരിച്ച് മുനിസിപ്പൽ എഞ്ചിനീയർമാർ സാങ്കേതികാനുമതി നൽകിയിരുന്നുവെന്നതും പരിഗണിച്ച് കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പൊതുമരാമത്ത് വിഭാഗത്തിൽ നിലവിലുള്ള സംവിധാനം തുടരുന്നതിന് അനുമതി നൽകിയും, നിലവിൽ മുനിസിപ്പൽ എഞ്ചിനീയർമാർക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക ക്ഷമത തുടരുന്നതിനും, പഞ്ചായത്തുകളെ സംബന്ധിച്ച് നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തേണ്ടതില്ലെന്നും തീരുമാനിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ്. വേണുഗോപാലൻ നായർ,
ഡെപ്യൂട്ടി സെക്രട്ടറി.

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തൃശ്ശൂർ.
6. ശ്രീ. ജമാൽ മണക്കാടൻ, കേരള ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ, സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം - 695 010.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ